ഉത്തരം

(എ) സംസ്ഥാനത്ത് ഭൂമി ഇല്ലാത്ത കുടുംബങ്ങളുടെ കണക്ക് എടുത്തിട്ടില്ല. ഭൂപരിഷ്കരണനിയമം അനുസരിച്ച് ഭൂരഹിത കർഷക തൊഴിലാളികൾക്കാണ് ഭൂമി പതിച്ച് നല്കുന്നത്. ഇതിൻ പ്രകാരം ഏറ്റെടുത്ത മിച്ചഭൂമി പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് (പൊതു ആവശ്യത്തിന് നീക്കി വച്ചതിനു ശേഷം) വിതരണയോഗ്യമായ ഭൂമി അർഹരായവർക്ക് പതിച്ച് നല്കുന്നതിന് വേണ്ട നടപടികൾ ഇപ്പോൾ തന്നെ സംസ്ഥാനത്ത് നടന്നു വരുന്നു.

(ബി) വിതരണത്തിന് ലഭ്യമായ മുഴുവൻ മിച്ചഭൂമിയും (പൊതു ആവശ്യത്തിന് നീക്കിവച്ചതൊഴികെ)ഒരു സമയ ബന്ധിത പരിപാടിയിലൂടെ അർഹരായ കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുള്ളതാണ്. കൂടാതെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരുടെയും പ്രവർത്തനം വിലയിരുത്തുന്നതിലേക്ക് ലാന്റ് ബോർഡ് പ്രസ്തുത ഉദ്യോഗസ്ഥന്മാരുടെ യോഗം കൂടെ കൂടെ വിളിക്കുന്നുണ്ട്.

(സി) ഇപ്പോൾ വിതരണത്തിന് ലഭ്യമായ മിച്ചഭൂമി 780 ഏക്കറാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) റവന്യൂ ഫോറസ്റ്റ് വെരിഫിക്കേഷൻ നടന്നു വരുന്നതേയുള്ളു. പൂർത്തിയായാലുടൻ അങ്ങനെ ഏറ്റെടുക്കുന്ന മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുന്നതാണ്.

64 (566) ഭൂമി പതിച്ചു നൽകാൻ നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ഭീമനടി വില്ലേജിൽ മേലടുക്കം കോളനിയിൽ കൈവശക്കാർക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

പ്രസ്തുത ഭൂമിയിലെ ഇപ്പോഴത്തെ കൈവശക്കാർ അനധികൃത കൈയേറ്റം നടത്തി താമസിച്ചു വരുന്നവരാണ്. ഇവരിൽ ഭൂപരിഷ്കരണ നിയമ പ്രകാരം അർഹരായ വ്യക്തികൾക്ക് ഭൂമി പതിച്ച് കൊടുക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികൃതർ നടപടി കൈക്കൊണ്ടിട്ടുണ്ട്.

65 (567) റവന്യൂ ഭൂമി കൈയേറ്റം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പാറയുടെ ചുറ്റുമുള്ള റവന്യൂ ഭൂമി അനധികൃതമായി കയ്യേറിയവരെ ഒഴിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് കയ്യേറിയവരിൽ നിന്നും ഒഴിപ്പിച്ചിട്ടുള്ളത്;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly